# പതിനാലാം കേരള നിയമസഭ
## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2675 06/12/2018 ൽ മറുപടിക്ക്

**ശബരിമലയിൽ നടത്തിയ മുന്നൊരുക്ക പ്രവൃത്തികൾ**

ചോദ്യം മറുപടി

ശ്രീ.പി.സി. ജോർജ്

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമല മണ്ഡല-മകര വിളക്ക് ഉത്സവവുമായി ബന്ധപ്പെട്ട് ടാറ്റാ കൺസൾട്ടൻസി നടത്തിയ പ്രവൃത്തികളുടെ വിവരങ്ങൾ വിശദമാക്കാമോ; അവരുമായി സർക്കാർ ഏർപ്പെട്ട കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | പ്രളയത്തിൽ പമ്പാ നദിയിൽ അടിഞ്ഞുകൂടിയ എക്കൽമണ്ണ് മാറ്റി ഒരു കിലോമീറ്ററോളം ദൂരത്തിൽ ആഴം കൂട്ടിയിട്ടുണ്ട്.നടപ്പാതമുതൽ ചെറിയാന വട്ടംവരെയുള്ള നദിയുടെ വശങ്ങളി ലായി മണൽചാക്ക് അടുക്കി സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടുണ്ട്. ചക്കുപാലത്തിനും പമ്പയ്ക്കു മിടയിൽ രണ്ടിടത്ത് കരിങ്കൽ ഭിത്തികെട്ടി സംരക്ഷിച്ചിട്ടുണ്ട്. ത്രിവേണി പാലം മുതൽ 500 മീറ്റർ നീളത്തിൽ റോഡ് പുനസ്ഥാപിച്ചിട്ടുണ്ട്.നിലയ്ക്കലിൽ 60X20 മീറ്റർ വിസ്തീർണ്ണത്തിൽ മൂന്ന് വെയിറ്റിംഗ് ഷെഡുകൾ നിർമ്മിച്ചു.മറ്റ് രണ്ടെണ്ണത്തിന്റെ പണികൾ പുരോഗമി ക്കുന്നു. 20 എണ്ണം വീതമുള്ള 2 കണ്ടെയിനർ ടോയിലെറ്റുകൾ സ്ഥാപിച്ചു. പോലീസുകാരുടെ താമസത്തിനായി 40X10 അടി അളവിലുള്ള 30 കണ്ടെയ് നറുകൾ സ്ഥാപിച്ചു. 25 ആർ.ഒ പ്ലാന്റുകൾ സ്ഥാപിച്ചു. പമ്പയിൽ ത്രിവേണിപാലത്തിന്റെ അറ്റകുറ്റപ്പണി കൾ പൂർത്തീകരിച്ചു.ടാറ്റാ കൺസൾ ട്ടൻസി സർക്കാരുമായി എഗ്രിമെന്റ് വെച്ചിട്ടില്ല. |
| (ബി) | ശബരിമലയുമായി ബന്ധപ്പെട്ടുള്ള സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി സംസ്ഥാന ദുരന്ത നിവാരണ വകുപ്പുമായി എന്തെങ്കിലും ചർച്ച നടത്തിയിരുന്നോ; എങ്കിൽ പ്രസ്തുത മീറ്റിംഗിന്റെ മിനിറ്റ്സ് ലഭ്യമാക്കുമോ; | (ബി) | ഇല്ല. |

| | | | |
|---|---|---|---|
| (സി) | ശബരിമല ഉത്സവവുമായി ബന്ധപ്പെട്ട് അയ്യപ്പഭക്തർക്ക് ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയാണ് വിശദമാക്കാമോ? | (സി) | 2018 ആഗസ്റ്റ് മാസം നടന്ന പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പമ്പയിൽ നിന്നും നിലയ്ക്കലിലേയ്ക്ക് ബേസ് ക്യാമ്പ് മാറ്റിയിട്ടുണ്ട്. നിലയ്ക്കലിൽ 9000 തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനുള്ള വിരി ഷെഡുകൾ, 20,000 വാഹനങ്ങൾക്ക് പാർക്ക് ചെയ്യുവാനുള്ള പാർക്കിംഗ് സൗകര്യവും 920 ശൗചാലയങ്ങൾ, പ്രതിദിനം 65 ലക്ഷം ലിറ്റർ ശുദ്ധ ജലം സംഭരിക്കുതിനുള്ള സംവിധാനം, കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള 25 ആർ.ഒ പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. സന്നിധാനത്ത് ഭക്തർക്ക് വിരിവയ്ക്കുന്നതിനും, കുടിവെള്ളത്തിനും മെഡിക്കൽ സഹായം ലഭ്യമാക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പമ്പയിൽ പ്രളയത്തിൽ അടിഞ്ഞ് കൂടിയ മണലും വൃക്ഷങ്ങളും നീക്കം ചെയ്ത് സാധാരണ നിലയിൽ ആക്കിയിട്ടുണ്ട്. നശിച്ചുപോയ ശൗചാലയങ്ങൾക്ക് പകരം പുതിയ ബയോ ടോയ് ലെറ്റുകൾ, ബയോ യൂറിനലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. മണ്ണിടിഞ്ഞ് പോയ സ്ഥലങ്ങൾ മണൽ ചാക്കുകൾ അടുക്കി സംരക്ഷിച്ചിട്ടുണ്ട്. തീർത്ഥാടകർക്ക് സമാധാനപരമായി തീർത്ഥാടനം നടത്തുന്നതിനുള്ള സുരക്ഷയും ഒരുക്കിയിട്ടുണ്ട്. |
| (ഡി) | എരുമേലി ശാസ്താക്ഷേത്രത്തിലും വാവരുപള്ളിയിലും ദർശനത്തിന് എത്തുന്ന അയ്യപ്പഭക്തർക്ക് എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | എരുമേലിയിൽ ഒരേ സമയം 390 തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനുള്ള വിരി ഷെഡുകൾ, 245 ടോയ് ലെറ്റുകൾ, 100 ബാത്ത് റൂമുകൾ, 750 പേർക്ക് ഒരേസമയം കുളിക്കുന്നതിനുള്ള സൗകര്യം, വലിയവാഹനങ്ങൾ ഉൾപ്പെടെ 465 വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ആരോഗ്യ കേന്ദ്രങ്ങൾ, ഇൻഫർമേഷൻ സെന്റർ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ